ആശുപത്രി മരുന്നിന്റെ വില

*൧൦. (൧൦) ശ്രീമതി ദേവകീഗോപിദാസ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മെഡിക്കൽവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ഗവണ്മെണ്ടാശുപത്രികളിൽ ൧൯൫൦-ൽ മരുന്നിന്റെ വില ഇടാക്കിയ ഇനത്തിൽ കിട്ടിയ സംഖ്യ എത്രയാണെന്ന് പറയുവാൻ ദയവുണ്ടാകുമോ?

(ബി) കൊച്ചിവിഭാഗത്തിൽ മരുന്നിനു് സർക്കാർ ആശുപത്രികളിൽ വില വാങ്ങുന്ന പതിവുണ്ടോ?

ധനകാര്യവും റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജാൻ):

(എ) മരുന്നിന്റെ വിലയായി ൧൯൫൦-൫൧ ൽ രൂപ ഈടാക്കിയിട്ടുണ്ട്.

(ബി) ആശുപത്രികളിൽ കിടക്കുന്ന രോഗികളുടെ ധനസ്ഥിതിയനുസരിച്ച് മരുന്നിന്റെ വില ഈടാക്കിവരുന്നുണ്ട്. ധനസ്ഥിതിയിൽ പിന്നോക്കം നില്ക്കുന്ന രോഗികളിൽനിന്നും മരുന്നുവില ഈടാക്കുന്നില്ല.

ശ്രീ. കെ. ആർ. ഇലങ്കത്ത്: ഈ പന്തീരായിരംരൂപ എത്ര രോഗികളിൽ നിന്നാണ് ഈടാക്കുന്നത്?

ശ്രീ. എ. ജെ. ജാൻ: അതിന്റെ കണക്ക് എന്റെ കൈവശമില്ല.

ശ്രീ. കെ. ആർ. ഇലങ്കത്ത്: ഈ സംഖ്യ എത്രയും തുച്ഛമായിരിക്കെ ഇങ്ങനെ മരുന്നിന്റെ വില ഈടാക്കുന്ന സമ്പ്രദായം നിറുത്തുന്നതിനെപ്പറ്റി ഗവണ്മെണ്ട് ആലോചിക്കുമോ?

ശ്രീ. എ. ജെ. ജാൻ: തുച്ഛമായ സംഖ്യയാണെങ്കിലും ധനവാന്മാരുടെ പക്കൽനിന്നുമാണ് മരുന്നുവില ഈടാക്കുന്നത്. നൂറുരൂപാ പ്രതിമാസം വരവുള്ള ഒരാളിനു് ഇന്ന റേറും, അഞ്ഞൂറുരൂപാ വരവുള്ളവക്ക് ഇന്ന റേറും, എണ്ണൂറുരൂപാ വരവുള്ളവക്ക് ഇന്ന റേറും, എന്നിങ്ങിനെ ഓരോ റേറുനിശ്ചയിച്ചാണ് മരുന്നുവില ഈടാക്കുന്നത്. അൻപതു രൂപയിൽ താഴെ വരവുള്ളവരിൽനിന്നും മരുന്നുവില ഈടാക്കുന്നില്ല.

ശ്രീ. കെ. ആർ. ഇലങ്കത്ത്: എന്നാൽ പ്രയോഗത്തിൽ ഇങ്ങനെ വരവുള്ളവരിൽനിന്നും മരുന്നുവില ഈടാക്കുന്നില്ലെന്നും, നേരേമറിച്ച് സാധുക്കളായവർ ചിലപ്പോൾ കൊടുക്കേണ്ടതായി വരുന്നുവെന്നും ഗവണ്മെണ്ടിനറിയാമോ?

ശ്രീ. എ. ജെ. ജാൻ: ആ വിവരം ഗവണ്മെണ്ടിനറിഞ്ഞുകൂടാ. സാധുക്കളിൽനിന്നും മരുന്നുവില ഈടാക്കരുതെന്ന് ഗവണ്മെണ്ട് നിർബ്ബന്ധമായി നിർദ്ദേശിച്ചിട്ടുണ്ട്.

ശ്രീ. ചെറിയാൻ ജെ. കാപ്പൻ: ഇത്രയും തുക ഈടാക്കുവാൻ ഗവണ്മെണ്ടിനു് എത്ര രൂപയുടെ കടലാസ്സു് ചെലവായിട്ടുണ്ടെന്നു് പറയാമോ?

ശ്രീ. എ. ജെ. ജാൻ: എതായാലും അതു ഇത്രയും വരികയില്ല.

ശ്രീമതി ദേവകീഗോപിദാസ്: ആശുപത്രികളിൽ ഇപ്പോൾ നല്ല മരുന്നുകൾ ലഭിക്കുന്നില്ലെന്നു് ഗവണ്മെണ്ടിനറിയാമോ?

ശ്രീ. എ. ജെ. ജാൻ: നല്ല മരുന്നുകളും വില കൂടിയ മരുന്നുകളും ആശുപത്രിയിൽനിന്നു് ലഭിക്കുന്നുണ്ട്. എന്നാൽ ചിലപ്പോൾ ഇംപോർട്ടിംഗ് ലൈസൻസു കിട്ടാനുള്ള വൈഷമ്യംകൊണ്ടു് ചില മരുന്നുകൾ കൊടുക്കാൻ കഴിയാതെ വന്നിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. വി. തേവൻ : ആശുപത്രികളിലെ ഡാക്ടർമാർ ഷാപ്പുകളിൽ നിന്നും മരുന്നു വാങ്ങിക്കാനായി കുറിച്ചുകൊടുക്കുന്നുണ്ടെന്നുള്ള വിവരം ഗവണ്മെണ്ടിനറിയാമോ?

ശ്രീ. എ. ജെ. ജാൺ : ചിലപ്പോൾ അങ്ങനെ വന്നേക്കാം. മെഡിക്കൽ സ്റ്റോറിൽ ഇല്ലാത്ത ചില മരുന്നുകളായിരിക്കും അങ്ങനെ കുറിച്ചു കൊടുത്തയയ്ക്കുന്നത്.

ശ്രീ. പി. കെ. ഡീവർ : എറണാകുളത്തുള്ള ആശുപത്രികളിൽ മരുന്നുകളില്ലെന്നുള്ള വിവരം ഗവണ്മെണ്ടിനറിയാമോ?

ശ്രീ. എ. ജെ. ജാൺ : ഞാൻ മുൻപു പറഞ്ഞതുപോലെ ഇംപോർട്ടിംഗ് ലൈസൻസ് കിട്ടാനുള്ള വിഷമംകൊണ്ട് ചില മരുന്നുകൾക്ക് ക്ഷാമം ഉണ്ടായിട്ടുണ്ട്.

ശ്രീ. കെ. ആർ. ഇലങ്കത്ത് : ഈ മരുന്നുകൾക്ക് ഗവണ്മെണ്ടിൽനിന്നും വില്പനനികുതി ഈടാക്കുന്നുണ്ടോ?

ശ്രീ. എ. ജെ ജാൺ : ഷാപ്പുകളിൽനിന്നാണ മരുന്നുകൾ വാങ്ങിക്കുന്നതെങ്കിൽ വില്പനനികുതി ഈടാക്കുന്നുണ്ട്. എന്നാൽ രോഗികൾക്ക് ഡോക്ടർമാർ കൊടുക്കുന്ന മരുന്നുകൾക്ക് വില്പനനികുതി ഈടാക്കുന്നില്ല.

ശ്രീ. പി. കെ. ഡീവർ : എറണാകുളത്തുള്ള ജനറലാശുപത്രിയിൽ ഇൻറിഗ്രേഷനുമുമ്പ് കിട്ടിക്കൊണ്ടിരുന്ന പല മരുന്നുകളും ഇൻറിഗ്രേഷനുശേഷം കിട്ടുന്നില്ലെന്നുള്ള വിവരം ഗവണ്മെണ്ടിനറിയാമോ?

ശ്രീ. എ. ജെ. ജാൺ : അങ്ങനെ ഗവണ്മെണ്ടിനു് അറിവില്ല. എതായാലും അങ്ങനെ വരുന്നതെന്നു കരുതി ഓരോ പ്രാവശ്യവും അഞ്ചുറുപ്പയിൽ കവിയാതെ വരുന്ന തുകയ്ക്കുള്ള മരുന്നു് വെളിയിൽനിന്നും വാങ്ങുന്നതിനു് എറണാകുളം ആശുപത്രിയിലെ ഡാക്ടക്ക്ം സർജൻ ജനറലിനും നിർദ്ദേശം നൽകിയിട്ടുണ്ട്.

ശ്രീ. അലക്സാണ്ടർ പറമ്പിത്തറ : ആശുപത്രികളിൽ മരുന്നു വാങ്ങാൻ വരുന്ന രോഗികളുടെ പ്രതിമാസവരുമായം ഇന്നതാണെന്നു് ഡാക്ടർമാക്ക് എങ്ങനെ അറിയാൻ കഴിയും?

ശ്രീ. എ. ജെ. ജാൺ : അതു രോഗികളോടും പുറമെയുള്ളവരോടും അന്വേഷിച്ചു അറിഞ്ഞുകൊള്ളും.

സിലോണിലുള്ള തിരുവിതാംകൂറുകാർ

*൧൭. (൧൭) ശ്രീ. വി. കെ. ഫ്രാൻസിസ് : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ് മന്ത്രി സദയം മറുപടി പറയുമോ?

(എ) സിലോണിൽ താമസക്കാരായ തിരുവിതാംകൂർകാക്ക് നാട്ടിലേക്ക് പണം അയക്കുന്നതിനുള്ള വൈഷമ്യങ്ങൾ ഗവണ്മെണ്ടിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(ബി) നാട്ടിലേക്ക് പണം അയച്ചാൽ സിലോണിലെ പരതത്വം നഷ്ടപ്പെടുന്നതാണെന്നു സിലോൺ ഗവണ്മെണ്ട് അടുത്തകാലത്തു ഉത്തരവു പാസ്സാക്കിയിട്ടുണ്ടോ;

(സി) നമ്മുടെ സംസ്ഥാനത്തെ എത്ര ആളുകൾ സിലോണിൽ ഇപ്പോൾ ജോലിയായി താമസിക്കുന്നുണ്ട്?

ചീഫ് മന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള)

(എ) ഉണ്ട്.

(ബി, സി) ഈ വിവരങ്ങൾ ഗവണ്മെണ്ടിനു അറിവില്ല.

LIBRARY ARCHIVES Kerala Legislative Assembly